77

# നാം നൽകുന്നത് യേശു കാണുമ്പോൾ

## മർക്കൊ. 12:41- 44; ലൂക്കൊ. 21:1- 4, ഒരടുത്ത നോട്ടം

ബൈബിളിലെ ആറിൽ–ഒന്നു വാക്യങ്ങളും നൽകുന്നതുമായി ബന്ധപ്പെട്ട് പ്രസ്താവിക്കുന്നതാണെന്ന് ആരോ പറയുകയുണ്ടായി.[1] അതു സത്യമാണോ എന്ന് എനിക്ക് അറിയില്ല, പക്ഷെ ആ വിഷയത്തെ കുറിച്ച് തിരുവെഴുത്തിൽ ധാരാളം പറയുന്നുണ്ട് എന്നെനിക്ക് അറിയാം: "കർത്താവായ ... യേശു തന്നെ പറഞ്ഞു, 'വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം'" (പ്രവൃത്തികൾ 20:35); "സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു" (2 കൊരിന്ത്യർ 9:7). "... ക്രിസ്തുവും ... നിങ്ങളെ സ്നേഹിച്ചു നമുക്ക് വേണ്ടി തന്നെത്താൻ ദൈവത്തിന് ഏല്പിച്ചു കൊടുത്തു" (എഫെസ്യർ 5:2). വിൻസ്റ്റൺ ചർച്ചിൽ ഒരിക്കൽ പറഞ്ഞു, "നാം നമുക്ക് കിട്ടുന്നതുകൊണ്ട് ഉപജീവിക്കുന്നു, എന്നാൽ കൊടുക്കുന്നതിനാലാണ് നാം ജീവിക്കുന്നത്."[2]

കൊടുക്കുന്നതിനെ കുറിച്ച് സംസാരിക്കുവാൻ ദൈവം മടിക്കാറില്ല, എന്നാൽ ഉപദേഷ്ടാക്കന്മാർ ചിലപ്പോൾ മടിക്കാറുണ്ട്. നമുക്ക് പൊതുവെ ഇഷ്ടപ്പെട്ട വിഷയങ്ങളിൽ പെടുന്നതല്ല നൽകൽ. കൊടുക്കുന്നതിനെ കുറിച്ചുള്ള അവതരണം നിങ്ങൾക്ക് അസഹ്യമുളവാക്കുന്നുവെങ്കിൽ, ഒരു വിധവ തനിക്കുണ്ടായിരുന്നതെല്ലാം നല്കിയതിനെ കുറിച്ചു നാം പഠിക്കുന്നത് നിങ്ങളെ ഞെരിപിരികൊള്ളിക്കും.

### ദൈവാലയത്തിൽ നല്കുന്നത് യേശു നോക്കി

വെള്ളിയാഴ്ച്ച യേശു ക്രൂശിൽ മരിക്കുന്നതിനു മുമ്പുള്ള ചൊവ്വാഴ്ച്ച ക്ഷീണിപ്പിച്ച ദിവസമായിരുന്നു. അവന്റെ ശത്രുക്കൾ, ദിവസം മുഴുവനും അവനെ സൂത്രത്തിൽ കുടുക്കേണ്ടതിന് വാക്കുകൾ കൊണ്ടുള്ള യുദ്ധത്തിലായിരുന്നു.

ദൈവാലയത്തിലെ ശ്രീഭണ്ഡാരമിരിക്കുന്ന സ്ത്രീകളുടെ പ്രാകാരത്തിലേക്ക് യേശു പോകുന്നതോടെയാണ്, നമ്മുടെ കഥ ആരംഭിക്കുന്നത് (മർക്കൊസ് 12:41).[3] ദൈവാലയത്തിന്റെ ഈ ഭാഗത്ത് നിന്ന് അവൻ നേരത്തെ ഉപദേശിച്ചിട്ടുണ്ട് (യോഹന്നാൻ 8:20). പ്രാകാരത്തിന്റെ ഒരുഭാഗത്ത് വെച്ചിരുന്ന കാഹളത്തിന്റെ–ആകൃതിയിലുള്ള[4] പന്ത്രണ്ട് പാത്രങ്ങൾ അടങ്ങുന്നതാണ് "ശ്രീഭണ്ഡാരം" എന്നാണ് എഡർഷെയിം പറഞ്ഞത്.[5] ഓരോന്നും എബ്രായ അക്ഷരമാല എഴുതിയതും ദൈവാലയത്തിന്റെ ഓരോ വ്യത്യസ്ത പ്രവൃത്തിക്കായി അവ ഉപയോഗിക്കയും ചെയ്തിരുന്നു (യാഗങ്ങൾ, പോഷണം, മുതലായവ). അവ സ്വമേധാ ദാനങ്ങളായിരുന്നു, പെരുന്നാളു

കൾ തുടങ്ങിയ പ്രത്യേക അവസരങ്ങളിൽ വരുന്ന ധാരാളം പേർ സ്വമേധാ ദാനങ്ങൾ നൽകിയിരുന്നു.

"ശ്രീഭണ്ഡാരത്തിനെതിരായി" യേശു ഇരുന്നു (മർക്കൊസ് 12:41). ഒരു നിമിഷത്തേക്ക് അവൻ, തനിയെ ആയിരുന്നു.[6] അവൻ വിശ്രമം ആഗ്രഹിച്ചിരുന്നു, സംശയമില്ല. സ്പഷ്ടമായും തന്റെ കണ്ണുകളെ താഴ്ത്തിയായിരിക്കണം ഇരുന്നത് (ഒരുപക്ഷെ അല്പനേരം കണ്ണുകളടച്ച്), പിന്നെ, "തല പൊക്കി നോക്കി" (ലൂക്കൊസ് 21:1).

പിന്നെ യേശു ശ്രീഭണ്ഡാരത്തിനു നേരെ ഇരിക്കുമ്പോൾ പുരുഷാരം ഭണ്ഡാരത്തിൽ പണം ഇടുന്നതു നോക്കിക്കൊണ്ടിരുന്നു (മർക്കൊസ് 12: 41). അതെന്താണ്? ആളുകൾ എന്തുനല്കിയിരുന്നു എന്നാണോ അവൻ നോക്കിയത്?[7] ഞാൻ നല്കുമ്പോൾ, എന്റെ ഇടതുകൈ ചെയ്യുന്നത് വലതുകൈ[8] അറിയരുത് എന്നാണ് ഞാൻ വിചാരിച്ചത് – എന്റെ വലതുവശത്തുള്ളവരും ഇടതുവശത്തുള്ളവരും അധികം പേരും അറിയരുതെന്നാണ്. ഞാൻ നല്കുന്നത് പ്രപഞ്ചത്തിൽ ഒരു രഹസ്യമായിരിക്കാനാണ് താൽപര്യപ്പെട്ടത്, അത് എന്റെ തലയിലെ മുടിയുടെ എണ്ണം പോലെയാണ്.[9] എന്നിരുന്നാലും, വേദഭാഗം പറയുന്നത് കർത്താവ് അവിടെ ഇരുന്ന് "ആളുകൾ ശ്രീഭണ്ഡാരത്തിൽ പണം ഇടുന്നത് നോക്കിക്കൊണ്ടിരുന്നു എന്നാണ്".

"ഇട്ടുകൊണ്ടിരുന്നു" എന്നത് ഗ്രീക്കിൽ നിന്ന് തർജ്ജമ ചെയ്തതിന്റെ അർത്ഥം "എറിഞ്ഞുകൊണ്ടിരുന്നു" എന്നുകൂടെയാണ്. കൊജെവി പറയുന്നത്, "ആളുകൾ ശ്രീഭണ്ഡാരത്തിലേക്ക് പണം *ഇട്ടു* എന്നാണ്" (എംഫസിസ് മൈൻ). ചിലർ തങ്ങളുടെ കൊടുക്കൽ ഉൽപ്പാദനമാക്കി തീർത്തു എന്ന് ക്രിസ്തു മുമ്പ് പറയുകയുണ്ടായി (മത്തായി 6:2 നോക്കുക). ഒരു പക്ഷേ, ആ വ്യക്തികൾ അവരുടെ നാണയങ്ങൾ ഇടുന്നത് എങ്ങനെ ഒരു അധിഷ്ഠാനമാക്കി മാറ്റാമെന്നു അറിഞ്ഞിരിക്കാം.[10]

"ധനവാന്മാർ പലരും വളരെ ഇട്ടു" (മർക്കൊസ് 12:41). അതിൽ ഒരു തെറ്റും ഇല്ലായിരുന്നു. "എന്നാൽ ലോഭമായി വിതക്കുന്നവൻ ലോഭമായി കൊയ്യും; ധാരാളമായി വിതെക്കുന്നവൻ ധാരാളമായി കൊയ്യും എന്നു ഓർത്തുകൊൾവിൻ എന്നാണ് പൗലോസ് പറഞ്ഞത് (2 കൊരിന്ത്യർ 9:6).

പിന്നെ സ്പർശിക്കുന്ന ഈ സംഭവം യേശു കണ്ടു: "ദരിദ്രയായ ഒരു വിധവ വന്നു, ഒരു പൈസക്കു ശരിയായ രണ്ടുകാശ് ഇട്ടു" (മർക്കൊസ് 12:42). വിധവമാർ നിരാലംബരും നിസ്സഹായരും ആയിട്ടാണ് സമൂഹത്തിൽ കരുതപ്പെട്ടിരുന്നത്. വിധവമാരുടെ സംരക്ഷണത്തിനും കരുതലിനുമായി ദൈവം പ്രത്യേക നിയമങ്ങൾ കൊടുത്തിരുന്നു (പുറപ്പാട് 22:22; ആവർത്തനപുസ്തകം 24:19–21; 26:12, 13; 27:19 നോക്കുക).[11] മിക്ക വിധവമാരും ദരിദ്രരായിരുന്നു; ഈ വിധവ ദരിദ്രമാരിൽ ദരിദ്രയായിരുന്നു എന്ന് സൂചിപ്പിക്കുന്നതായിരുന്നു "ദരിദ്രയായ" എന്നവാക്ക് പ്രത്യേകമായി മർക്കൊസും ലൂക്കൊസും എടുത്തു പറഞ്ഞത്.

ക്രിസ്തു നോക്കിയപ്പോൾ, ആ വിധവ രണ്ടു കാശിടുന്നതാണ് കണ്ടത്. കെജെവിയിൽ അവൾ "രണ്ടു ചില്ലിക്കാശ്" ഇട്ടു എന്നാണ്. "വിധവയുടെ ചില്ലിക്കാശ്" എന്നായിരിക്കും അസംഖ്യം ആളുകളുടെ മനസിൽ ഇപ്പോൾ.

"ചെറിയ ചെമ്പുനാണയങ്ങൾ" അല്ലെങ്കിൽ "ചില്ലിക്കാശുകൾ" എന്നതിന്റെ ഗ്രീക്കുവാക്ക് *ലെപ്റ്റ* എന്നാണ്, *ലെപ്റ്റൻ* എന്നതിന്റെ ബഹുവചന രൂപമാണത്. ലെപ്റ്റൻ യഹൂദരുടെ ഒരു ചെറിയ നാണയമായിരുന്നു; *ലെപ്റ്റൻ*

എന്ന വാക്കിന്റെ അർത്ഥം "ഘനംകുറഞ്ഞ, ചെറിയ, അല്ലെങ്കിൽ നേർത്ത." പുതിയ നിയമത്തിൽ ഉപയോഗിച്ച ഏക യഹൂദ നാണയമാണ് ലെപ്റ്റൻ. വേദഭാഗം പറയുന്നത് രണ്ട് ലെപ്റ്റ "ഒരു സെന്റിന് തുല്യമായ സംഖ്യ." *ക്വാഡ്രന്റ്* എന്ന ഗ്രീക്ക് വാക്ക് തർജ്ജിമ ചെയ്തതാണ് "സെന്റ്," ഒരു ചെറിയ റോമൻ നാണയം ഒരു ക്വാഡ്രന്റ് ഒരു ദിനാറിന്റെ അറുപത്തിനാലിൽ–ഒരു ഭാഗമായിരുന്നു.[12] (ഒരു സാധാരണജോലിക്കാരന്റെ ഒരു ദിവസത്തെ വേതനം; മത്തായി 20:2). ആ വിധവയുടെ രണ്ടു ചില്ലിക്കാശ് എത്രയെന്ന് കണക്കാക്കുവാൻ നിങ്ങളുടെ പ്രദേശത്തെ സാധാരണ ജോലിക്കാരന്റെ ഒരു ദിവസത്തെ വേതനത്തെ മുപ്പത്തി–രണ്ട് കൊണ്ട് ഹരിക്കുക.[13] ഒരു സാധാരണ ജോലിക്കാരൻ ഒരു ദിവസം ജോലിചെയ്യുന്നത് കൊണ്ട് അവന്റെ ഉപജീവനത്തിന് മാത്രമേ കിട്ടുകയുള്ളു എന്ന് ഓർക്കുക.[14] ഒരു ജോലിക്കാരന്റ ഒരു ദിവസത്തെ ശമ്പളത്തിന്റെ ഒരു ചെറിയ അംശമായിരുന്നു ആ വിധവയുടെ കൈയിൽ ഉണ്ടായിരുന്നത്.

ക്രിസ്തു ആ സ്ത്രീയെ നോക്കിയപ്പോൾ, "എന്റെ അനുയായികൾ ഇതു കാണേണ്ടതായിട്ടുണ്ട്," എന്ന് അവൻ വിചാരിച്ചു.[15] അവൻ തന്റെ ശിഷ്യന്മാരെ തന്റെ അടുക്കലേക്ക് വിളിച്ചു, (മർക്കൊസ് 12:43) അവൻ അവരോട് പറഞ്ഞു, "ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു (അവൻ വളരെ പ്രാധാന്യമുള്ള എന്തോ പറയുവൻ പോകുന്നു എന്നാണ് ആ വാക്കുകൾ സൂചിപ്പിക്കുന്നത്), ശ്രീഭണ്ഡാരത്തിൽ ഇട്ട എല്ലാവരെക്കാളും ഈ ദരിദ്രയായ വിധവ അധികം ഇട്ടിരിക്കുന്നു" (മർക്കൊസ് 12:43). മറ്റെല്ലാവരും *ഇട്ട മൊത്തം* സംഖ്യയെക്കാൾ കൂടുതൽ അവൾ ഇട്ടു എന്നാണ് ഗ്രീക്ക് ഘടന സൂചിപ്പിക്കുന്നത്.[16] മനുഷ്യരുടെ കാഴ്ചപ്പാടിൽ, അവൾ ഇട്ടത് ഒരു നിസാര സംഖ്യയായിരുന്നു; എന്നാൽ ദൈവത്തിന്റെ കാഴ്ചപ്പാടിൽ, അത് വിലയേറിയതായിരുന്നു. കർത്താവിന്റെ ദൃഷ്ടിയിൽ, അവളുടെ ചില്ലിക്കാശുകൾ വജ്രങ്ങളെക്കാൾ വിലയുള്ളതായിരുന്നു.

വിധവ നല്കിയത് ചെറിയ സംഖ്യയായിരിക്കാം, എന്നാൽ അവളുടെ "ഉദാര സമീപനം" ഏതാണ്ട് രണ്ടായിരം വർഷങ്ങളോളം ത്യാഗപൂർണമായ നൽകൽ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നു. ആരോ ഒരാൾ "കണക്കാക്കിയത് ആ വിധവയുടെ ചില്ലിക്കാശ് [കൾ] ജെറുശലേമിലെ ഫസ്റ്റ് നാഷണൽ ബാങ്കിൽ നിക്ഷേപിച്ച് നാല്ശതമാനം അർദ്ധ–വാർഷിക പലിശക്ക് ഇട്ടാൽ, ഇന്ന് അത് മൊത്തം 4,800,000,000,000,000,000,000 (നാല്പത്തി–എട്ടിനുശേഷം ഇരുപത് പൂജ്യം വരുന്നു)"![17] ആ സംഖ്യ കണക്കുകൂട്ടാൻ എനിക്ക് പദ്ധതിയില്ല–എന്നാൽ ആ വിധവയുടെ നൽകൽ മാതൃക ദശലക്ഷക്കണക്കിന്, ഒരുപക്ഷേ നൂറുകോടിക്കണക്കിനു തന്നെ, രൂപനൽകുവാൻ ഉത്തേജിപ്പിച്ചിട്ടുണ്ട്. വർഷങ്ങൾക്ക് മുമ്പ് ബർട്ടൺകോഫ്മാൻ ഒരു ഉദാഹരണം പങ്കുവച്ചു:

> ന്യൂയോർക്ക് പട്ടണത്തിൽ കുടിയേറിപ്പാർത്ത ദരിദ്രരെ സംഘടിപ്പിച്ച് ബാർത്തോൾഡിയുടെ സ്റ്റാച്ച്യൂഓഫ് ലിബർട്ടി പണിയുവാൻ ധനശേഖരം നടത്തി. ഒരു ദരിദ്രയായ സ്ത്രീ അവളുടെ കിടക്ക 13.00 ഡോളറിനു വിറ്റ് നല്കുന്നത്വരെ വളരെ മന്ദീഭവിച്ച പ്രതികരണമാണ് ഉണ്ടായിരുന്നത് ആ പ്രചോദനത്താൽ, ആളുകൾ പെട്ടെന്ന് പ്രതികരിക്കുകയും ആവശ്യമുള്ള തിലധികം സംഭാവനകൾ വന്നുചേരുകയും ചെയ്തു. അതുപോലെ ആ ദരിദ്രയായ വിധവയുടെ നല്കൽ വേദഭാഗത്തിൽ പറഞ്ഞിരിക്കുന്നത്

അനേകം സഭാമന്ദിരങ്ങളിലും അനേകം വ്യക്തികളിലും ലോകമെങ്ങും അവരുടെ ബഡ്ജറ്റുകളിൽ നല്കലിന് സ്ഥാനം ലഭിച്ചു.[18]

യേശു തുടർന്നു, "എല്ലാവരും തങ്ങളുടെ സമൃദ്ധിയിൽനിന്നു ഇട്ടു; ഇവളോ തന്റെ ഇല്ലായ്മയിൽനിന്നു തനിക്കുള്ളതു ഒക്കെയും തന്റെ ഉപജീവനം മുഴുവനും ഇട്ടു എന്നു അവരോടു പറഞ്ഞു" (മർക്കൊസ് 12:44). നൽകിയ ദാനങ്ങളെ മനുഷ്യർ കാണുന്നു; ദൈവം കാണുന്നത് ദാനം നല്കിയ ശേഷം വിടുന്നതാണ്. ധനവാന്മാരുടെ നൽകലിൽ വലിയ വിലയൊന്നും ഇല്ലായിരുന്നു; എന്നാൽ വിധവയുടെ നൽകലിൽ വിലയുള്ളതെല്ലാം ഉൾപ്പെട്ടിരുന്നു. ചിലപ്പോൾ, ആരെങ്കിലും ഇങ്ങനെ പറയുന്നത് നാം കേൾക്കും, "എനിക്ക് നൽകുവാൻ കഴിയുന്നത് ആവിധവയുടെ ചില്ലിക്കാശാണ്." നിങ്ങൾക്കുള്ളത് *എല്ലാം* നൽകാതെ "വിധവയുടെ ചില്ലിക്കാശ്" നൽകുന്നു എന്ന് പറയരുത്. നിങ്ങൾക്ക് എന്തെങ്കിലും അവശേഷിക്കുന്നു എങ്കിൽ, നിങ്ങളുടെ ദാനം ആ വിധവയുടേതിനേട് താരതമ്യം ചെയ്യരുത്.

ആ വിധവ ബുദ്ധിയോടെയാണോ അല്ലയോ അവൾക്കുണ്ടായിരുന്നത് നൽകിയത് എന്നതിനെ കുറിച്ച് ആളുകൾ വാദിച്ചിട്ടുണ്ട്. നിങ്ങളും ഞാനും അവളെ തടഞ്ഞേക്കാം: "നീ ഇടുന്നതു വളരെ കൂടുതലാണ്! നിനക്കുള്ളതെല്ലാം ദൈവാലയത്തിലിട്ടിട്ട് നീ പട്ടിണി കിടക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല! നിന്റെ നല്ല മനസിനെ ദൈവം അനുമോദിക്കും, എന്നാൽ അതിൽ ഒരു ഭാഗം നിന്റെ ആവശ്യത്തിന് മാറ്റി വെക്കുക!" എന്നാൽ, കർത്താവ്, അവളുടെ സ്നേഹത്താലുള്ള ദാനത്തെ പ്രകീർത്തിച്ചു. ഒരു കാര്യം തീർച്ചയാണ്: അടുത്ത ദിവസത്തെ തന്റെ ആവശ്യം ദൈവം നടത്തുമെന്ന് അവൾ വിശ്വസിച്ചിരുന്നു (മത്തായി 6:33).[19]

ഈ സ്പർശിക്കുന്ന സംഭവത്തിൽനിന്ന് പല പാഠങ്ങളും പറഞ്ഞു കേട്ടിട്ടുണ്ട്:[20]

- ധനവാനായാലും, ദരിദ്രനായാലും, മദ്ധ്യ–വർത്തിക്കാരനായാലും എല്ലാവരും നല്കണം.
- നൽകലിനെ നാം കാണുന്നതിൽനിന്ന് വ്യത്യസ്തമായിട്ടാണ് ദൈവം കാണുന്നത്.
- നമ്മുടെ നൽകൽ ത്യാഗപൂർണ്ണമായിരിക്കണം.
- സ്വർണ്ണത്തിലല്ല, ദൈവത്തിലാണ് നാം ആശ്രയിക്കുന്നതെന്ന് തെളിയിക്കുന്നതാകണം നമ്മുടെ നൽകൽ.

വിധവയുടെ നൽകൽ യേശു ശ്രദ്ധിച്ചതുപോലെ, നമ്മുടെ നൽകലും അവൻ ശ്രദ്ധിക്കും എന്നതാണ് എന്റെ ഒറ്റ പോയിന്റ്.

## യേശു ഇപ്പോഴും നമ്മുടെ നൽകൽ നോക്കുന്നു

ദൈവം സർവ്വവ്യാപിയും സർവ്വജ്ഞാനിയുമാകയാൽ, അവൻ എല്ലാം കാണുന്നു എന്ന് ധാരാളം വാക്യങ്ങൾ പറയുന്നുണ്ട്:

> ... യഹോവയുടെ കണ്ണു ഭൂമിയിൽ എല്ലാടവും ഊടാടിക്കൊണ്ടിരിക്കുന്നു

(2 ദിനവൃത്താന്തം 16:9).

> ... മനുഷ്യന്റെ വഴികൾ യഹോവയുടെ ദൃഷ്ടിയിൽ ഇരിക്കുന്നു, അവന്റെ നടപ്പ് ഒക്കെയും അവൻ തൂക്കി നോക്കുന്നു (സദൃശവാക്യങ്ങൾ 5:21).

> യഹോവയുടെ കണ്ണ് എല്ലാടവുമുണ്ട്. ആകാത്തവരെയും നല്ലവരെയും നോക്കിക്കൊണ്ടിരിക്കുന്നു (സദൃശവാക്യങ്ങൾ 15:3).

> അവന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല. സകലവും അവന്റെ കണ്ണിന്ന് മലർന്നതും നഗ്നവുമായി കിടക്കുന്നു. അവനുമായിട്ടാകുന്നു നമുക്ക് കാര്യമുള്ളത് (എബ്രായർ 4:13).

ദൈവം കാണുന്ന കാര്യങ്ങളിൽ നമ്മുടെ നല്കലും ഉൾപ്പെടുന്നു. നാം കൊടുക്കേണ്ടതുപോലെയാണോ അല്ലയോ കൊടുക്കുന്നത് എന്ന് അവൻ അറിയുന്നു. അനന്യാസിന്റേയും സഫീറയുടേയും കാപട്യപൂർവ്വമായ നൽകൽ അവൻ കാണുകയും അതിൽ അവന് നീരസമുണ്ടാകുകയും ചേയ്തു (പ്രവൃത്തികൾ 5:1–11). മക്കെദൊന്യക്കാരുടെ ത്യാഗപൂർവ്വമായ നൽകൽ അവൻ കാണുകയും അതിൽ സന്തുഷ്ടനാകയും ചെയ്തു (2 കൊരിന്ത്യർ 8:1–5). പൗലൊസ് എഴുതി,

> എന്നാൽ ലോഭമായി വിതക്കുന്നവൻ ലോഭമായി കൊയ്യും; ധാരാളമായി വിതക്കുന്നവൻ ധാരാളമായി കൊയ്യും എന്ന് ഓർത്തുകൊൾവിൻ. അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുത്; നിർബ്ബന്ധത്താലുമരുത്; സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം ***സ്നേഹിക്കുന്നു*** (2 കൊരിന്ത്യർ 9:6, 7; എംഫസിസ് മൈൻ).

രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ദൈവാലയത്തിൽ പണമിടുന്നത് കർത്താവ് നിരീക്ഷിക്കുകയുണ്ടായി, അവനിപ്പോഴും "ശ്രീഭണ്ഡാരത്തിനെതിരെ സ്വർഗ്ഗത്തിലിരുന്ന് നമ്മെ വീക്ഷിച്ചുകൊണ്ടിരിക്കുന്നു".[21] ധർമ്മശേഖരത്തെ സഹായിക്കുവാൻ ഒരു ഉപദേഷ്ടാവ് ആവശ്യപ്പെട്ടത് ഞാൻ വായിക്കയുണ്ടായി. ധർമ്മ ശേഖരപ്ലേറ്റ് കടന്ന് പോയപ്പോൾ, ഓരോ സമയത്തും തന്റെ കൈയിലെ ശേഖരം ഉയർത്തിപ്പിടിച്ച് അതിനെ അടുത്തുനോക്കുകയുണ്ടായി.[22] നിങ്ങൾക്ക് ഊഹിക്കുവാൻ കഴിയുന്നത് പോലെ, ധർമ്മശേഖരം എടുത്തപ്പോൾ പലരും ലജ്ജിക്കപ്പെടുകയും നിരവധിപേർ ദേഷ്യപ്പെടുകയും ചെയ്തു. ഉപദേഷ്ടാവ് പ്രസംഗപീഠത്തിൽനിന്നും താഴെഇറങ്ങി പറഞ്ഞു, "അത് നിങ്ങളിൽ ചിലരെ അലോസരപ്പെടുത്തിയതിന്റെ കാരണം ഈ ഒരു പ്രാവശ്യം നിങ്ങളുടെ ധർമ്മശേഖരത്തെ ഞാൻ പരിശോധിച്ചതിനാലാണ്. നിങ്ങൾ നൽകുന്ന ഓരോസമയത്തും കർത്താവ് അത് പരിശോധിക്കുന്നുണ്ട് എന്ന് നിങ്ങൾ അറിയുന്നുണ്ടോ? അവൻ അങ്ങനെ ചെയ്യുമ്പോൾ, അവൻ എന്താണ് കാണുന്നത്? അവന് സന്തോഷമാണോ, ദുഃഖമാണോ ഉണ്ടാകുന്നത്?"

ക്രിസ്തു നമ്മുടെ നൽകൽ നോക്കി എന്ത*ാണ്* കാണുന്നത്? ആ ചോദ്യ

ത്തിന് എനിക്കുവേണ്ടി ഉത്തരം പറവാൻ നിങ്ങൾക്കോ, നിങ്ങൾക്കുവേണ്ടി ഉത്തരം പറവാൻ എനിക്കോ കഴിയുകയില്ല. നാം പഠിച്ചതിൽ നിന്ന് ദൈവം ആഗ്രഹിക്കുന്നത് ഒരു അംശം അല്ല, അനുപാതം കൂടെയാണ്. അവൻ ദാനത്തെ മാത്രമല്ല നോക്കുന്നത് നൽകുന്ന ആളെയും നോക്കുന്നു. നാം എന്തു നൽകുന്നു എന്നും എന്ത് അവശേഷിപ്പിക്കുന്നു എന്നും അവൻ വിചാരപ്പെടുന്നു.

ഞാൻ നൽകുമ്പോൾ, അതിലെന്തെങ്കിലും ത്യാഗം ഉൾപ്പെടുന്നുണ്ടോ? ഞാൻ നൽകുമ്പോൾ എന്തെങ്കിലും ഉപേക്ഷിക്കേണ്ടതായിവരുന്നുണ്ടോ? എന്തെങ്കിലും സുഖങ്ങൾ? എന്തെങ്കിലും ആശ്വാസങ്ങൾ? തീർച്ചയായും, ആ വിധവ, തന്റെ ഉപജീവനമാർഗ്ഗം, എല്ലാം തന്നെ നൽകിയത് നോക്കുമ്പോൾ എന്റെ ദാനങ്ങൾ മങ്ങിയതായി തീരുന്നു.

തങ്ങളുടേത് എല്ലാം നൽകിയവരെക്കുറിച്ച് നാം കേട്ടിട്ടുണ്ടോ:[23] അമ്മമാർ ജീവിതത്തിലെ ആവശ്യങ്ങളെല്ലാം വിട്ടുകളഞ്ഞ് അവരുടെ മക്കളുടെ ആവശ്യങ്ങൾക്കുവേണ്ടി നൽകിയവരുണ്ട്.[24] മറ്റുള്ളവരുടെ ജീവിതത്തിനു വേണ്ടി ജീവനർപ്പിച്ച സ്ത്രീ പുരുഷന്മാരെ നാം കേട്ടിട്ടുണ്ട്.[25] സുവിശേഷം മറ്റുള്ളവരിൽ എത്തിക്കാൻ എല്ലാം ഉപേക്ഷിച്ച മിഷണറിമാർ ഉണ്ടായിട്ടുണ്ട്. "വിധവയുടെ ചില്ലിക്കാശ്" എന്ന സംഭവത്തിൽ നിന്ന് ഉയരുന്ന അസുഖകരമായ ചോദ്യം "എന്താണ് ഞാൻ നൽകിയത്?"

പോൾ ഫ്രൈലിങ്ങ് എഴുതി,

> ആ ദരിദ്രയായ വിധവ അവൾ എന്ത് ഇട്ടു എന്നോ, എങ്ങനെ ഇട്ടു എന്നോ, ആരെങ്കിലും കണ്ടതായി ഒരിക്കലും അറിഞ്ഞില്ല. അവൾ തന്റെ ആയുഷ്കാലം മുഴുവൻ ജീവിക്കുകയും, മഹത്വത്തിൽ പ്രവേശിക്കുമ്പോൾ മാത്രമാണ്, ദൈവപുത്രൻ സ്വാഗതം ചെയ്ത് കഴിയുമ്പോൾ ആണ് "അവളുടെ ദാരിദ്ര്യത്തിന്റെ ചെമ്പിനെ അവൻ ചുമ്പിക്കയും അതിനെ നിത്യതയുടെ സ്വർണമാക്കി മാറ്റുകയും ചെയ്യുന്നത് തിരിച്ചറിയുന്നത്."[26]

**ഉപസംഹാരം**

തന്നെത്താൻ നൽകുന്നതോടു കൂടെയാണ് കർത്താവിന്റെ എല്ലാം നൽകൽ ആരംഭിക്കുന്നത്. മക്കേദോന്യരുടെ ത്യാഗോജ്വലമായ സംഭാവനയെക്കുറിച്ച്, പൗലോസ് പറഞ്ഞു, "ആദ്യം അവർ തങ്ങളെത്തന്നെ കർത്താവിന് ഏൽപ്പിച്ചുകൊടുത്തു" (2 കൊരിന്ത്യർ 8:5). സ്നേഹത്തിലും, വിശ്വാസത്തിലും, അനുസരണത്തിലും, നിങ്ങളെത്തന്നെ ദൈവത്തിന് ഏല്പിച്ചു കൊടുത്തിട്ടില്ലെങ്കിൽ, ഒരു ത്യാഗവും വലുതല്ല എന്ന് കാണിച്ചുകൊണ്ട് ദരിദ്രയായിരുന്ന വിധവ കർത്താവിന്റെ സ്നേഹം സമ്പാദിച്ചത് നിങ്ങളെ പ്രചോദിപ്പിക്കട്ടെ. നാം ചിലപ്പോൾ പാടുന്ന ഈ വാക്കുകളെക്കുറിച്ച് ചിന്തിക്കുക:

> എല്ലാം യേശുവിനായി സമർപ്പിക്കുന്നു, എല്ലാം സൗജന്യമായി ഞാൻ അവന് നൽകുന്നു; ഞാൻ എപ്പോഴും അവനെ സ്ന്ഹിക്കയും ആശ്രയിക്കുകയും ചെയ്യുന്നു,
> അവന്റെ സാന്നിധ്യത്തിൽ എന്നും ജീവിക്കും. ...
> എന്റെ അനുഗ്രഹിത രക്ഷകാ, എല്ലാം അങ്ങക്കായി,
> എല്ലാം അർപ്പിക്കുന്നു.[27]

എല്ലാം സമർപ്പിച്ച് കൊണ്ട്, ഇന്നുതന്നെ അവന്റെ അടുക്കൽ വരിക![28]

---

കുറിപ്പുകൾ

[1]അതിനർത്ഥം "നൽകൽ" എന്ന വാക്ക് ആ വാക്യങ്ങളിലെല്ലാം ഉണ്ട് എന്നല്ല, എന്നാൽ, ഏതെങ്കിലും വിധത്തിൽ, ധാരാളം വാക്യങ്ങളിൽ ദൈവം നമുക്കു നൽകുന്നതും, നാം ദൈവത്തിനും മറ്റുള്ളവർക്കും നൽകുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. [2]ബ്രിട്ടന്റെ പ്രധാനമന്ത്രിയായിരുന്ന ചർച്ചിലിന്, ലോകമഹായുദ്ധം II നിടയിൽ മഹാനായ പ്രാസംഗികൻ എന്ന ബഹുമതി ലഭിക്കയുണ്ടായി. [3]ശ്രീഭണ്ഡാരം സ്ത്രീകളുടെ പ്രകാരത്തിലായിരുന്നു എന്ന് മിക്കപണ്ഡിതന്മാരും വിശ്വസിക്കുന്നു. [4]ഓരോ പാത്രത്തിന്റേയും അടിഭാഗം വിസ്താരമേറിയതായിരുന്നു എന്ന് ഞാൻ മനസിലാക്കുന്നു. അടിമുതൻ മുകൾ ഭാഗം വരെ, അത് ഇടുങ്ങിയതായി തീരുന്നതായിരുന്നു. നാണ്യങ്ങൾ ഇട്ടിരുന്നത് മുകളിലെ തുറന്ന ഭാഗത്തുകൂടെയായിരുന്നു. [5]ആൽഫ്രഡ് എഡർഷൈയും, *ദ ലൈഫ് ആന്റ് റൈംസ് ഓഫ് ജീസസ്സ് ദ മെസ്സയാ*, ന്യൂ അപ്ഡേറ്റ് വെർഷൻ (പ്രെബോഡി മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേസ്, 1993), 741. ദൈവാലയത്തിൽ പണം ശേഖരത്തിന് ഉപയോഗിച്ചിരുന്ന പാത്രത്തിന്റെ ഉദാഹരണത്തിന് 2 രാജാക്കന്മാർ 12:9 നോക്കുക. [6]ഒരു നിമിഷത്തിനകം, ശിഷ്യന്മാരെ, തന്റെ അടുക്കലേക്ക് വിളിച്ചു (മർക്കൊസ് 12:43), അവർ ദൈവാലയത്തിൽതന്നെ മറ്റെവിടയെങ്കിലും ആയിരുന്നേക്കാം. [7]ഈ വാചകവും അടുത്തതും, പിന്നീടുവരുന്ന രണ്ടും ശക്തമായി സൂചിപ്പിച്ചവയായിരുന്നു. [8]ഇത് മത്തായി 6:3 നുള്ള സൂചകമാണ്. [9]ഇത് മത്തായി 10:30 നുള്ള സൂചകമാണ്. [10]നേരെമറിച്ച്, ഗ്രീക്കുവാക്ക് "എറിഞ്ഞു" എന്ന് ഉപയോഗിച്ചിരിക്കുന്നതിൽ വലിയ പ്രാധാന്യമില്ലായിരിക്കാം. ആ വിധവയുടെ നൽകൽ പ്രവൃത്തിയെ വിവരിക്കുന്നതിനും ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട് (മർക്കൊസ് 12:42).

[11]അതേ വിചാരം പുതിയ വിയമത്തിലും കാണാം (പ്രവൃത്തികൾ 6:1–6; യാക്കോബ് 1:27 നോക്കുക). [12]നാല് *ക്വാഡ്രൻസ്* എന്നത് ഒരു *അസാര്യൻ* ആണ്; പതിനാറ് *അസാര്യ നാണ്* ഒരു *ദിനാർ.* [13]തർജ്ജിമക്കാരും വ്യാഖ്യാതാക്കളും അതിന്റെ വിലയെ "ഒരു സെന്റ്," "ഒരു പെനിയുടെ ഒരു ഭാഗം," തുടങ്ങിയ രീതിയിൽ പറഞ്ഞിട്ടുണ്ട്. നിങ്ങളുടെ പ്രദേശത്തെ സാമ്പത്തിക മൂല്യമനുസരിച്ച് താരതമ്യം ചെയ്യുന്നതായിരിക്കും കൂടുതൽ ശരി. [14]അക്കാരണത്താൽ, ജോലിക്കാരന് ദിവസാവസാനം വേതനം നൽകുന്നതായിരുന്നു നിയമം. [15]മർക്കൊസിന്റെ സുവിശേഷ വിവരണമനുസരിച്ച്, യേശു ചിലപ്പോൾമാത്രമായിരുന്നു ശിഷ്യന്മാരുടെ ശ്രദ്ധ ആവശ്യപ്പെട്ടിരുന്നത് (മർക്കൊസ് 3:13; 6:7; 8:1, 34; 10:42 നോക്കുക). [16]ലൂക്കൊസ് 21:3–ൽ ലിവിങ് ബൈബിളിലെ സമാന്തര പ്രയോഗം "ഓൾ ദ റസ്റ്റ് ഓഫ് ദെം കംമ്പയിൻഡ് എന്നാണ്." [17]പോൾ ലീ ടാൻ. *എൻസൈക്ലോപീഡിയ ഓഫ് 7,700 ഇല്ലസ്ട്രേഷൻസ്: സൈൻസ് ഓഫ് ദ ടൈംസ്* (റോക്ക്വിലേ:, എംഡി.:അഷുറൻസ് പബ്ലിഷേഴ്സ്, 1979), 1156. [18]ജെയിംസ് ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ മാർക്ക്* (അബിലീൻ, ടെക്സ്.: എസിയു പ്രസ്, 1975), 240–41. [19]ഈ പോയിന്റ് എത്രത്തോളം ചർച്ച ചെയ്യണമെന്ന് നിങ്ങൾക്ക് തീരുമാനിക്കാം. നാം നല്ല തീരുമാനമെടുക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. എന്നാൽ, സ്വയം–കേന്ദ്രീകൃത മനോഭാവം ചിലപ്പോൾ "പ്രായോഗികകാര്യം ചെയ്യുന്നത്" വെറുപ്പുള്ളതായി മാറും. [20]ആവശ്യം പോലെ നിങ്ങൾക്ക് ഈ ആശയം വിപുലമാക്കാം.

[21]പോൾ എഫ്. ഫ്രൈലിങ്ങ്, *പ്രെലൂഡ് ടു ദ ക്രോസ് ആന്റ് അദർ സെർമൺസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്.:ബേക്കൽ ബുക്ക് ഹൗസ്, 1965), 132. [22]ഇതു പരീക്ഷിക്കുവാൻ ഞാൻ പറയുകയില്ല. ആരെങ്കിലും ചെയ്തതു ചൂണ്ടിക്കാട്ടി ആ പോയിന്റ് സ്ഥാപിക്കാ

വുന്നതാണ്. “ഞാൻ ഇന്ന് അതു ചെയ്തതായി നിങ്ങൾക്ക് സങ്കൽപിക്കാം, എന്നും കൂട്ടിച്ചേർക്കാം. നിങ്ങൾക്ക് എന്തു തോന്നുന്നു?” [23]നിങ്ങളുടെ കേൾവിക്കാർക്ക് മനസിലാകുന്ന ഉദാഹരണങ്ങൾ നൽകുക. [24]അമേരിക്കയിൽ കുടിയേറി പാർത്തവരിൽ അനേകം ഭാര്യമാരും അമ്മമാരും ആദ്യത്തെ ശൈത്യത്തിൽ മരിച്ചുപോയ ചരിത്രസംഭവം ഉദാഹരണമായി എടുക്കാം. കുടുംബത്തെ പ്രഥമസ്ഥാനത്താക്കിയതുകൊണ്ടാണ് അവർ മിക്ക പേരും മരിക്കുവാനിടയായയത് എന്ന് അമേരിക്കൻ ചരിത്രകാരന്മാർ പറയുന്നു. [25]ഒരു സൈനികൻ മറ്റൊരു സൈനികനെ രക്ഷിക്കുവാനായി ഗ്രനൈഡിൽ വീണതായ ഉദാഹരണം വേണമെങ്കിൽ പറയാം. [26]ഫ്രൈലിങ്ങ്, 131. [27]ജഡ്സൺ വാൻ ഡെവെന്റർ, “ഓൾ ടു ജീസസ് ഐ സറണ്ടർ,” *സോങ്ങ്സ് ഓഫ് ഫെയിത്ത് അന്റ് പ്രെയിസ്*, കമ്പോ. ആന്റ് എഡി. ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.:ഹോവാർഡ് പബ്ലിഷിങ്ങ് കമ്പനി., 1994). [28]അ–ക്രൈസ്തവർക്ക് എങ്ങനെ ക്രിസ്ത്യാനികളാകാമെന്നും (മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:38; ഗലാത്യർ 3:26, 27) തെറ്റിപ്പോയ ക്രിസ്ത്യാനികളോട് കർത്താവിങ്കലേക്ക് മടങ്ങി വരുവാനും പറയാം(പ്രവൃത്തികൾ 8:22; യാക്കൊബ് 5:16).